# അഖില മലങ്കര ബാലസമാജദിനാചരണം ഡിസംബർ 4-ന്

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജം ഡിസംബർ 4-ന് ഞായറാഴ്ച സഭയിലെ എല്ലാ ദേവാലയങ്ങളിലും ബാലദിനമായി ആചരിക്കുന്നു. വി.കുർബ്ബാന മദ്ധ്യേ ബാലസമാജത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും സമാജാംഗമായ ഒരു കുട്ടി ''ബാലസമാജം എന്റെ ജീവിതാനുഭവത്തിൽ'' എന്ന വിഷയം ആസ്പദമാക്കി പ്രസംഗിക്കുകയും, കുട്ടികൾ ബാലദിന പ്രതിജ്ഞ ചൊല്ലുകയും ചെയ്യും. കുട്ടികളുടെ വിവിധ പരിപാടികൾ ഇടവകതലത്തിൽ ക്രമീകരിക്കണമെന്ന് അഖില മലങ്കര ബാലസമാജം പ്രസിഡന്റ് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത പള്ളികൾക്ക് അയച്ച കല്പനയിലൂടെ അറിയിച്ചു.